കാർഷിക സർവ്വകലാശാലയിൽ ഒഴിവുള്ള തസ്തികകൾ

111 [1121] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ അദ്ധ്യാപക, മിനിസ്റ്റീരിയൽ വിഭാഗങ്ങളൊഴികെ മറ്റ് മേഖലകളിലെല്ലാം കൂടി എത്ര ജീവനക്കാരുടേയും തൊഴിലാളികളുടേയും തസ്തികകളാണ് ആകെയുള്ളത്;

(ബി) ഇതിൽ ഇപ്പോൾ ഒഴിവുള്ള തസ്തികകൾ എത്ര;

(സി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഒഴിവുകൾ കാരണം ഫാമുകളുടെ പ്രവർത്തനം നിർജ്ജീവമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) നിലവിലുള്ള ഒഴിവുകളിൽ കുറെ എണ്ണം നികത്തുവാൻ നപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് സഹായം

112[1193] ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്ന കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) അത്തരം കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും മരണമടഞ്ഞവരുടെ കുടുംബങ്ങളെ സഹായിക്കാനും ഏതെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരുന്ന കൃഷിക്കാരെ സഹായിക്കാൻ പ്രത്യേക ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനായി എത്ര തുക നീക്കി വെച്ചിരിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly